# കേരള സർക്കാർ

## <u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഹരിത കേരള മിഷൻ- മഴവെള്ളക്കൊയ്ത്ത്- സമ്പൂർണ കിണർ റീചാർജ് പദ്ധതി മാർഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(കൈ) നം./215/2017/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/11/2017

---

പരാമർശം:- 1.2017 കാലവർഷത്തിലെ മഴക്കുറവ് സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.08.2017-നും 21-08-2017-നും നടന്ന യോഗങ്ങളുടെ നടപടിക്രമങ്ങൾ

2.സ.ഉ.(കൈ)നം.199/2017/ത.സ്വ.ഭ.വ തീയതി 12.10.2017

3.സ.ഉ.(പി)നം.20/2017/ഡബ്ല്യൂ.ആർ.ഡി. തീയതി 23.10.2017

## <u>ഉത്തരവ്</u>

മഴക്കുറവിനെ അതിജീവിച്ച് സംസ്ഥാനത്തെ ജല സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി മഴവെള്ള സംഭരണം ഊർജ്ജിതമാക്കാനും, തൃശ്ശൂർ ജില്ലയിൽ വിജയകരമായി നടപ്പാക്കിയ 'മഴപ്പൊലിമ'യുടെ മാതൃകയിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി മഴവെള്ള സംഭരണം സംസ്ഥാന വ്യാപകമാക്കുന്ന നടപടിയുടെ ഭാഗമായി സംസ്ഥാനത്ത് സമ്പൂർണ്ണ കിണർ റീച്ചാർജിംഗും മഴവെള്ളക്കൊയ്ത്തും ലക്ഷ്യമിട്ട് രൂപീകരിച്ച പദ്ധതി നടത്തിപ്പിനായി അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി.കെ.ബേബി**

**സ്പെഷ്യൽ സെക്രട്ടറി**

എല്ലാ കർമ്മസേനാ അംഗങ്ങൾക്കും
എല്ലാ ജില്ലാ കലക്ടർമാർക്കും
എല്ലാ ജില്ലാ/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
റവന്യൂ (ദുരന്ത നിവാരണ )വകുപ്പ്

ഉള്ളടക്കം:മാർഗരേഖ

# ഹരിത കേരള മിഷൻ

## മഴവെള്ളക്കൊയ്ത്ത് - കിണർ റീചാർജ്ജ്

## മാർഗ്ഗരേഖ

തദ്ദേശ സ്വയംഭരണ വകുപ്പ്

കേരള സർക്കാർ

# ഹരിത കേരള മിഷൻ

# മഴവെള്ളക്കൊയ്ത്ത് - കിണർ റീചാർജ്ജ്

<u>**ആമുഖം**</u>

ലോകത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഉൾപ്പെടുന്ന ഒന്നാണ് കേരളം എങ്കിലും കാലാകാലങ്ങളിലുള്ള മഴ ലഭ്യതയിലെ വ്യതിയാനം കാരണം അതിരൂക്ഷമായ വരൾച്ചയാണ് നാം നേരിടേി വരുന്നത്.

കാലാവസ്ഥാ വ്യതിയാനം, മനുഷ്യ ഇടപെടലുകൾ, ഭൂവിനിയോഗത്തിലെ മാറ്റം, തുടങ്ങിയ വിവിധ കാരണങ്ങളാൽ തുടർച്ചയായി എല്ലാ വർഷവും സംസ്ഥാനത്ത് വരൾച്ച അനുഭവപ്പെടുകയാണ്. ജലസ്രോതസുകളിൽ നീരൊഴുക്കു കുറയുന്നതോടൊപ്പം ഭൂജല സമ്പത്തിലും വലിയ പ്രതിസന്ധിയാണ് മുന്നിലുള്ളത്. ജലമലിനീകരണവും നേരിടേണ്ട മുഖ്യ വിഷയമാണ്.

മഴയാണ് കേരളത്തിലെ ജലത്തിന്റെ പ്രധാന സ്രോതസ്. മൺസൂണിന്റെ രീതിയിലും മഴയുടെ ലഭ്യതയിലുമാകുന്ന ഏതൊരു മാറ്റവും സംസ്ഥാനത്തെ ജലം ആവശ്യമുള്ള മേഖലകളിൽ വലിയ സങ്കീർണ്ണതയും വെല്ലുവിളിയുമാണ് സൃഷ്ടിക്കുന്നത്. കുടിവെള്ളം, ഗാർഹികാവശ്യങ്ങൾ, ശുചിത്വം, ആരോഗ്യം, കൃഷി, ജലസേചനം, വ്യവസായം, പരിസ്ഥിതി സംരക്ഷണം, ജലടൂറിസം, ജലവൈദ്യുതി തുടങ്ങിയ ജീവിതത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെയും നിലനിൽപ്പിലെ വിവിധ മേഖലകളിൽ ജലവും മഴയും അനിവാര്യ ഘടകങ്ങളാണ്.

നിലവിലുള്ള ഉപരിതല, ഭൂജല സ്രോതസുകൾ സംരക്ഷിച്ചും മഴയെ വിവിധ രൂപത്തിൽ പ്രയോജനപ്പെടുത്തിയും മാത്രമെ ജലസുരക്ഷ നേടാനാവുകയുള്ളൂ. സംയോജിത ജലവിഭവ പരിപാലന (Integrated Water Resources Management) പ്രവർത്തനങ്ങൾ വളരെയധികം പ്രാധാന്യമർഹിക്കുന്ന കാലഘട്ടമാണ് മുന്നിലുള്ളത്.

മഴവെള്ളത്തിന്റെ കടലിലേക്കുള്ള ഒഴുക്കിന്റെ വേഗത പരമാവധി കുറയ്ക്കുക എന്നത് ജലസംരക്ഷണത്തിന്റെ ഒരു പ്രധാന ഘടകമാണ്. സംസ്ഥാനത്തെ നദീതടങ്ങളെ അടിസ്ഥാനമാക്കി ചെറുതും വലുതുമായ നീർത്തടങ്ങളുടെ പ്രത്യേകതകൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഹ്രസ്വ, ദീർഘകാല മണ്ണ്, ജല, ജൈവ പരിപാലന പരിപാടികളിലൂടെ മാത്രമെ സുസ്ഥിര ജല സുരക്ഷയെന്ന ലക്ഷ്യം പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. അതേസമയം പെയ്തൊഴിയുന്ന ഓരോ തുള്ളി മഴയെയും പരമാവധി സംഭരിച്ചും സംരക്ഷിച്ചും കൺമുന്നിലെ

ജലപ്രതിസന്ധിയും വരൾച്ചയും പ്രതിരോധിക്കേണ്ട ഹ്രസ്വകാല പരിപാടികളും അത്യാവശ്യമാണ്.

സംയോജിത ജലവിഭവ പരിപാലന പദ്ധതികളുടെ പ്രധാന ഘടകം എന്ന നിലയിലാണ് മഴവെള്ള സംഭരണ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. ജലവിഭവ വകുപ്പ് നീർത്തടപരിപാലനവുമായി ബന്ധപ്പെട്ട സ.ഉ.(അച്ചടി)നം.20/2017/ജ.വി.വ. തീയതി 23.10.2017 പ്രകാരം പുറത്തിറക്കിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്ക അനുബന്ധമായി കിണർ റീചാർജിംഗിനും മഴവെള്ളക്കൊയ്ത്തിനും പ്രത്യേക ഊന്നൽ നൽകുന്നതാണ് ഈ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ.

മഴവെള്ള സംഭരണ പരിപാടിയുടെ വ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ കിണറുകളെ റീചാർജ് ചെയ്യുകയെന്നതാണ് ഒന്നാമത്തെ പ്രവർത്തനമായി ഏറ്റെടുക്കുന്നത്. കിണർ റീചാർജ് പ്രവർത്തനങ്ങളോടൊപ്പം പ്രാദേശിക ഭൗതിക പ്രത്യേകതകൾക്കനുസരിച്ച് ശാസ്ത്രീയമായി ആവശ്യമുള്ള മണ്ണ്, ജല, ജൈവ സംരക്ഷണ പരിപാടികളും നടപ്പിലാക്കുന്നതാണ്. ആത്യന്തികമായി സമഗ്രമായ ജലവിഭവ പരിപാലനത്തിലേക്കാണ് എത്തിച്ചേരേണ്ടത്.

**<u>മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യം</u>**

- കാലാവസ്ഥാ വ്യതിയാനവും മഴലഭ്യതയിലെ ഏറ്റക്കുറച്ചിലും.
- പ്രകൃതിദത്ത ജലസംഭരണ സംവിധാനവും ജലസ്രോതസുകളിലെ കുറവും നാശവും മലിനീകരണവും.
- 45 ലക്ഷത്തോളം കിണറുകളാൽ സമ്പന്നമായ കേരളം.
- കിണറുകൾ പമ്പിംഗിന് വിധേയമാക്കുന്നതോടെ അതിന്റെ ശേഷിക്ക് അതീതമായി ജലം പിൻവലിക്കുന്നതിന്റെ ദോഷങ്ങൾ.
- പ്രതിവർഷം 3000 മി.മീറ്റർ എന്ന ക്രമത്തിൽ മഴ ലഭിച്ചാൽ ആയിരം ചതുരശ്ര അടി വിസ്തീർണ്ണമുള്ള പുരപ്പുറത്ത് 3 ലക്ഷം ലിറ്റർ വാർഷിക മഴ ലഭ്യത ഒരു ഹെക്ടറിൽ 1 കോടി 20 ലക്ഷം ലിറ്റർ മഴ.
- ഒരു കോടിയോളം വരുന്ന കെട്ടിടങ്ങൾ (സ്ഥാപനങ്ങളുൾപ്പെടെ)
- മഴവെള്ള സംഭരണ മാതൃകകൾ, സാങ്കേതിക രീതികൾ എന്നിവയുടെ ലഭ്യത

- വേനൽക്കാലങ്ങളിൽ കുടിവെള്ളത്തിനുൾപ്പെടെയുള്ള ജലത്തിന്റെ ക്ഷാമം
- തീരപ്രദേശങ്ങളിലെ ഉപ്പുവെള്ളത്തിന്റെ അതിപ്രസരം

വിവിധ മഴവെള്ള സംഭരണ, സംരക്ഷണ മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

1. കിണർ റീചാർജ്
2. മഴടാങ്ക് നിർമ്മാണം
3. മഴക്കുഴികൾ, പുതയിടൽ, വൃക്ഷവൽക്കരണം, അടിയണ, dykes, ട്രഞ്ച് തുടങ്ങിയ വിവിധ മണ്ണ്, ജല സംരക്ഷണ മാർഗ്ഗങ്ങൾ, രീതികൾ.
4. ജലസ്രോതസ്സുകൾ, Desilting ഉൾപ്പെടെയുള്ള സംരക്ഷണ പ്രവൃത്തികൾ
5. കൃത്രിമ കുളങ്ങളുടെ നിർമ്മാണം
6. ഉപരിതല ജലസ്രോതസുകളായ നദികൾ, തോടുകൾ, പുഴകൾ, അരുവികൾ, കുളങ്ങൾ, എന്നിവയുടെ വൃഷ്ടി പ്രദേശങ്ങളിലെ മണ്ണ്, ജല, ജൈവ സംരക്ഷണ മാർഗ്ഗങ്ങൾ.

<u>കിണർ റീചാർജ് - പ്രസക്തിയും - സാധ്യതയും</u>

സംസ്ഥാനത്തെ 62 ശതമാനം ജനങ്ങളും പ്രത്യേകിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ളമുൾപ്പെടെയുള്ള വിവിധ ജലാവശ്യങ്ങൾക്കായി തുറന്ന കിണറുകളാണ് ഉപയോഗിക്കുന്നത്. 2011ലെ കാനേഷുമാരി കണക്കനുസരിച്ച് 62 ശതമാനം പേർ കുടിവെള്ളത്തിനായി കിണറുകൾ പ്രയോജനപ്പെടുത്തുന്നു. സംസ്ഥാനത്ത് 75 ലക്ഷം കുടുംബങ്ങൾക്കായി 47 ലക്ഷത്തിലധികം കിണറുകളാണുള്ളത്. 1.5 കുടുംബത്തിന് ഒരു കിണർ എന്ന നിലയിൽ ചതുരശ്ര കിലോമീറ്ററിൽ 200 മുതൽ 250 വരെ കിണർ സാന്ദ്രതയുള്ള പ്രദേശം കൂടിയാണ് കേരളം. തീരദേശങ്ങളിൽ 400 കിണറുകൾ വരെ ഒരു ചതുരശ്ര കിലോമീറ്ററിൽ കാണാവുന്നതാണ്. രാജ്യത്തെ, ഒരുപക്ഷെ ലോകത്തിലെ തന്നെ ഏറ്റവും വലിയ കിണർ സാന്ദ്രതയാണിവ. ആരോഗ്യമുള്ള ഒരു കിണറിന് ഒരു ദിവസം ശരാശരി 15000 ലിറ്റർ വെള്ളം വീണ്ടെടുക്കുവാൻ കഴിയും.

സംസ്ഥാനത്തെ നല്ലൊരു ശതമാനം കിണറുകളും വേനൽ കാലങ്ങളിൽ വറ്റിപ്പോകുന്നതും ഭൂരിഭാഗം കിണറുകളും മലിനപ്പെട്ടതുമാണ്. തീരപ്രദേശങ്ങളിൽ ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റം വേനൽക്കാലങ്ങളിൽ സാധാരണമാണ്.

കിണറുകളിലെ ജലനിരപ്പ് താഴുന്നതിനനുസരിച്ച് ജലക്ഷാമത്തോടൊപ്പം വിവിധ പാരിസ്ഥിതിക പ്രശ്നങ്ങളും അനുഭവപ്പെടുന്നു.

കാലവർഷം, തുലാവർഷം, വേനൽമഴ എന്നിവ ലഭിക്കുന്ന കേരളത്തിൽ കിണർ റീചാർജ് ചെയ്യുന്നതിന് അനുകൂല സാഹചര്യം ആണുള്ളത്. ടാങ്കർ ലോറികളിൽ വെള്ളം നൽകി വരുന്ന സാഹചര്യം കുറയ്ക്കുവാനും ഇതുമുഖേന സാധിക്കും. കിണർ റീചാർജ് പദ്ധതി നമ്മുടെ സംസ്ഥാനത്ത് പാരമ്പര്യമായി നടത്തിവരുന്നതും ഇത് വിജയകരമാണെന്ന് തെളിയിച്ചിട്ടുള്ളതുമാണ്.

സംസ്ഥാനത്തെ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിലും മേൽക്കൂരകളിലും പെയ്തുവീഴുന്ന മഴയെ ഫിൽറ്റർ ചെയ്തും അല്ലാതെയും കിണറുകളിലെ സമീപത്തെത്തിച്ചും കിണർ റീചാർജ് ചെയ്യുന്ന രീതി ഏറെ പ്രയോജനകരമാണ്. മഴപ്പൊലിമ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള ജലസുഭിക്ഷ, മറ്റ് വിവിധ പദ്ധതികൾ എന്നിവയുൾപ്പെടുത്തി വിജയകരമായി കിണർ റീചാർജ് സംസ്ഥാനത്ത് നടന്നുവരികയാണ്. തീരപ്രദേശങ്ങളിലുൾപ്പെടെ നടപ്പിലാക്കിയ കിണർ റീചാർജിലൂടെ ജലശുദ്ധിയും ജലസമൃദ്ധിയും കൂടി വരുന്നതായി ശാസ്ത്രീയ പഠനങ്ങളിലൂടെ തെളിയിച്ചിട്ടുണ്ട്.

**<u>ലക്ഷ്യങ്ങൾ</u>**

<u>ദീർഘകാലം</u>

- സംസ്ഥാനത്ത് സംയോജിത ജലവിഭവ പരിപാലന കാഴ്ചപ്പാടിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുാകുന്ന ജലക്ഷാമം പ്രതിരോധിക്കുകയും ശുദ്ധജലം ഉറപ്പാക്കുകയും ചെയ്യുക.
- ജലസുരക്ഷ, ആരോഗ്യ സുരക്ഷ, വീടിന്റെ പരിസര പ്രദേശത്ത് കൃഷി ചെയ്യുന്നതിന് ആവശ്യമായ ജലം ലഭ്യമാക്കുകവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാനും സാധിക്കുന്നു. നീർത്തടാധിഷ്ഠിത മണ്ണ്, ജല, ജൈവ സംരക്ഷണ പരിപാടികൾ വ്യാപിപ്പിക്കുക.

<u>ഹ്രസ്വ കാലം</u>

- വിവിധ മഴവെള്ള സംഭരണ സംരക്ഷണ മാർഗ്ഗങ്ങളും രീതികളും അവലംബിച്ച് സംസ്ഥാനം നേരിടുന്ന കുടിവെള്ള ക്ഷാമമുൾപ്പെടെ പരിഹരിക്കുകയും വിവിധ മേഖലകൾക്കാവശ്യമായ ശുദ്ധജലം ഉറപ്പാക്കുകയും ചെയ്യുക.

- വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ ജലസ്രോതസുകൾ ജലസമൃദ്ധവും ജലശുദ്ധിയും ഉള്ളവയാക്കി മാറ്റുക.

<u>ഉടൻ ഏറ്റെടുക്കേണ്ട പരിപാടികൾ</u>

മഴയിൽ ഉണ്ടായ കുറവും വരൾച്ചയുടെ സാധ്യത യും കണക്കിലെടുത്ത് മൺസൂണിന്റെ അവസാന ഘട്ടത്തിലെയും തുലാവർഷത്തിൽ ലഭിക്കുവാൻ സാധ്യതയുള്ള മഴവെള്ളവും കിണർ റീചാർജ് ഉൾപ്പെടെയുള്ള പദ്ധതി കളിലൂടെ സംഭരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1. നിർമ്മാണ പ്രവർത്തനങ്ങൾ

    - ശുദ്ധീകരണ സംവിധാനമുൾപ്പെടെയുള്ള കിണർ റീചാർജിലൂടെ പുര പ്പുറങ്ങളിലെ മഴവെള്ളം കിണറുകളിലേക്ക് എത്തിക്കുന്ന രീതി.
    - കിണറുകൾക്കു സമീപം കുഴികളെടുത്ത് അവയിൽ മേൽക്കൂരകളിലെ മഴവെള്ളമെത്തിച്ച് മണ്ണിലൂടെ അരിച്ച് കിണറുകളിൽ മഴവെള്ളം എത്തിക്കുന്ന രീതി.
    - മണ്ണിൽ വീഴുന്ന മഴവെള്ളത്തെ കിണറുകൾക്ക് സമീപം മഴക്കുഴികൾ, ട്രഞ്ചുകൾ തുടങ്ങിയ വിവിധ രീതികളിലൂടെ കിണർ റീചാർജ് ചെയ്യുന്ന മാർഗ്ഗം. കുത്തനെ ചരിവുള്ള പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ സാദ്ധ്യത കണക്കിലെടുത്ത് ഇടവപ്പാതി ഒഴികെ തുലാവർഷവും വേനൽ മഴയിലും ലഭിക്കുന്ന ജലം മാത്രം സംഭരിച്ചാൽ മതിയാകും.
    - കുടിവെള്ളത്തിനായി നേരിട്ട് ഉപയോഗിക്കാത്ത കിണറുകളിലേക്ക് മഴവെള്ളം റീചാർജ് ചെയ്യുന്ന രീതി.
    - കിണറുകൾ, പ്രത്യേകിച്ച് കുളങ്ങൾ എന്നിവക്കു ചുറ്റും ജിയോ ടെക്സ്റ്റൈൽസ്, മറ്റ് ചെറിയ മരങ്ങൾ, കൂടാതെ രാമച്ചം പോലുള്ള ജലശുദ്ധീകരണ ചെടികൾ നടുന്ന രീതി.

2. മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചാരണ പരിപാടികൾ

## പദ്ധതി നടത്തിപ്പിലെ സമീപനം

ഹരിത കേരള മിഷന്റെ പ്രധാന മേഖലകളിലൊന്നായ ജലസുരക്ഷയുടെ ഭാഗമായാണ് മഴവെള്ള സംഭരണ പരിപാടികൾ നടപ്പിലാക്കേണ്ടത്.

- സമഗ്ര ജലവിഭവ പരിപാലനം ഉറപ്പാക്കുന്നതിനായുള്ള നദീതട നീർത്തട പരിപാടികളുടെ മുന്നൊരുക്കമായുള്ള പ്രവർത്തനങ്ങളായാണ് ഇവ വിഭാവനം ചെയ്യേണ്ടത്.

- വിവിധ ഏജൻസികൾ നടപ്പിലാക്കി വരുന്ന കിണർ റീചാർജ് പദ്ധതി അതാത് ഏജൻസികളിലെ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി നടപ്പിലാക്കേണ്ടതും എന്നാൽ, എല്ലാ സ്ഥാപനങ്ങളും കൂടിച്ചേർന്ന് ഒരു Comprehensive Convergence plan തയ്യാറാക്കേണ്ടതുമാണ്. എസ്.സി, എസ്.റ്റി, മത്സ്യ മേഖലയിൽ ഉള്ളവർ, മറ്റ് ദുർബ്ബല വിഭാഗങ്ങൾക്ക് അർഹമായ പരിഗണന നൽകേണ്ടതാണ്.

- രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ, സ്ഥിരമായി ടാങ്കർ ലോറിയിൽ കുടിവെള്ളം നൽകേണ്ടി വരുന്ന മേഖലകൾ, ഭൂഗർഭജലം ക്രമാതീതമായി താഴുന്ന സ്ഥലങ്ങൾ, ഉപ്പുവെള്ള ബാധിത മേഖലകൾ എന്നിവിടങ്ങളിലുള്ള കിണറുകളാണ് മുൻഗണനാ ക്രമത്തിൽ റീചാർജ് ചെയ്യേണ്ടത്.

- സർക്കാർ ധനസഹായത്തോടെയുള്ള കിണർ റീചാർജ് പ്രവർത്തനങ്ങൾ നടക്കുന്നതോടൊപ്പം വ്യാപകമായി സ്വന്തം ചെലവിൽ കിണർ റീചാർജ് ചെയ്യുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും സാങ്കേതിക സഹായം നൽകുകയും ചെയ്യുക.

- ഗ്രാമപഞ്ചായത്ത്, വാർഡുതലങ്ങളിലാണ് പ്രധാനമായും കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്.

- സ്വാകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സാമൂഹ്യ പ്രതിബദ്ധത പദ്ധതിയുടെയും (Corporate Social Responsibility), മറ്റ് സന്നദ്ധ സംഘടനകളുടേയും സാധ്യതകൾ പരമാവധി പ്രോത്സാഹിപ്പിച്ച് കിണർ റീചാർജിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.

- വനമേഖലക്ക് സമീപമുള്ള പഞ്ചായത്തുകൾ വനംവകുപ്പുമായി ചേർന്ന തടയണകൾ, കുളങ്ങൾ, ഇതര ജലസംഭരണികൾ എന്നിവ നിർമ്മിക്കുന്നതിന് പ്രാധാന്യം നൽകണം. ഇത് വന്യജീവികൾക്കാവശ്യമായ ജലസുരക്ഷ ഉറപ്പു വരുത്തുന്നതിന് സഹായകമാകും.

ചുവടെപ്പറയുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് കിണറുകളും കുളങ്ങളും റീചാർജ് നടപ്പിലാക്കേണ്ടത്.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി
3. റവന്യൂ വകുപ്പ് ഉൾപ്പെടെയുള്ള/ദുരന്ത നിവാരണ വകുപ്പിന്റെ/സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾ.
4. സാമൂഹ്യ പ്രതിബദ്ധത ഫണ്ട്/സ്പോൺസറിംഗ്
5. ജനങ്ങളുടെ സ്വന്തം ചെലവിൽ

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഒന്നു മുതൽ മൂന്നു വരെയുള്ള പദ്ധതികളിലെ കിണർ റീചാർജ് നിർവ്വഹണത്തിനായി തയ്യാറാക്കപ്പെട്ടതും അംഗീകരിച്ചിട്ടുള്ളതുമായ രീതികളും മാർഗ്ഗങ്ങളുമാണ് അവലംബിക്കേണ്ടത്. ഐറ്റം 4-ൽ പറഞ്ഞിട്ടുള്ള രീതിയിലുള്ളവയിൽ ജനങ്ങൾക്ക് നേരിട്ട് ധനസഹായം ലഭ്യമാക്കുന്ന രീതിയാണ് അവലംബിക്കേണ്ടത്. (നിർവ്വഹണരീതി എന്ന ഭാഗം കൂടി കാണുക)

<u>പ്രധാന പ്രവർത്തനങ്ങൾ</u>

1. <u>ജലസഭയും ജലസർവെയും</u>

നവംബർ മാസത്തിൽ നിശ്ചയിക്കപ്പെടുന്ന ഒരു ദിവസം വാർഡുതലത്തിൽ ജലസഭ ചേരേണ്ടതാണ്. വാർഡുതലത്തിൽ ശേഖരിക്കപ്പെടുന്ന കിണറുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ Participatory mapping, Inventory Water Resource (Ward level aggregate) – Water Atlas, മറ്റ് വിശദാംശങ്ങൾ മുൻഗണനാ ക്രമത്തിൽ, റീചാർജ് ചെയ്യേണ്ട കിണറുകളുടെ പട്ടിക, വാർഡിലെ വിവിധ മണ്ണ്, ജല, ജൈവ സംരക്ഷണത്തിനാവശ്യമായ കർമ്മ പരിപാടികളുടെ നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

കിണർ റീചാർജ് പ്രവർത്തനങ്ങളുടെ വിശദാംശങ്ങളുടെ ക്ലാസും ജലസഭയിൽ അവതരിപ്പിക്കണം.

അനുബന്ധമായി ചേർത്തിട്ടുള്ള ഫോറത്തിന്റെ സഹായത്താൽ ഓരോ വാർഡിലെയും ജലസർവ്വെ സംഘടിപ്പിക്കേണ്ടാതാണ്. ഇത് 23.10.2017-ലെ സ.ഉ.(അച്ചടി)നം.20/2017/ജ.വി.വ പ്രകാരം നടത്തുന്ന വിവരശേഖരണത്തിനോടൊപ്പം നടത്തണം.

2. <u>വാർഡുതല മുൻഗണനാ ലിസ്റ്റ് തയ്യാറാക്കൽ</u>

നിലവിലുള്ള സർവ്വെ ഷെഡ്യൂൾ പ്രകാരം വറ്റുന്ന കിണറുകൾ, കുളങ്ങൾ, ജലലഭ്യത കുറവുള്ള കിണറുകൾ എന്നിവ ചുവടെപ്പറയുന്ന വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടത്. ഓരോ വാർഡിലെയും വറ്റുന്ന കിണറുകൾ, ഭൂഗർഭജലം താഴുന്ന കിണറുകൾ, ജലമലിനീകരണ പ്രശ്നങ്ങളുള്ള കിണറുകൾ, ദാരിദ്ര്യ രേഖക്കു താഴെയുള്ളവർ, ടാങ്കർ ലോറിയിൽ സ്ഥിരമായി ജലം ലഭിക്കുന്നവർ.

3. <u>പഞ്ചായത്ത്തല പട്ടിക</u>

വാർഡുതലങ്ങളിലെ മുൻഗണന പട്ടിക ക്രോഡീകരിച്ച് പഞ്ചായത്തുതലത്തിൽ കിണറുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ റീചാർജ് ചെയ്യുന്നതിനുള്ള പട്ടിക തയ്യാറാക്കേണ്ടതാണ്.

4. ചുവടെപ്പറയുന്ന രീതിയിലാണ് പഞ്ചായത്ത് തലത്തിൽ പട്ടിക തയ്യാറാക്കേണ്ടത്.

## മഴവെള്ള സംഭരണം 2017-18

### വാർഡുതല കിണർ റീചാർജ് പട്ടിക

വാർഡ് നമ്പരും പേരും:-

കിണർ റീചാർജിനായി നിർദ്ദേശിക്കുന്ന പദ്ധതികൾ

| വിവിധ എജൻസികൾ | ആകെ കിണറുകൾ | വറ്റുന്നവ | വറ്റാത്തവ | റീചാർജ് ആവശ്യമുള്ള കിണറുകൾ: | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|
| MGNREGS | | | | | | |
| ഗ്രാമ പഞ്ചായത്ത് | | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | | | | | | |
| ജില്ലാ പഞ്ചായത്ത് | | | | | | |
| സാമൂഹ്യ പ്രതിബദ്ധ താ ഫണ്ട് | | | | | | |
| സ്പോൺസറിംഗ് | | | | | | |
| മറ്റ് പദ്ധതികൾ | | | | | | |

## മഴവെള്ള സംഭരണ പരിപാടി 2017-18

### സമ്പൂർണ്ണ കിണർ റീചാർജ് ഗ്രാമപഞ്ചായത്തുതല പട്ടിക

| ജില്ല | ബ്ലോക്ക്പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് |
|---|---|---|
| | | |

| വാർഡ് നമ്പരും പേരും | വിവിധ പദ്ധതികളിൽ റീചാർജ് ചെയ്യപ്പെടുന്ന കിണറുകളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|
| | | പഞ്ചായത്തിന്റെ പ്ലാൻ | | | വരൾച്ച ദുരിതാ ശ്വാസം | CSR സ്പോൺ സറിംഗ് |
| | MGNREGS | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | | |
| | | | | | | |
| | | | | | | |
| | | | | | | |

5. ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കപ്പെടുന്ന പട്ടികയുടെ വിശദാംശങ്ങൾ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല സംഘാടക സമിതി എന്നിവർക്ക് നൽകേ ണ്ടതാണ്.

6. ഗ്രാമപഞ്ചായത്ത് തലത്തിൽ പട്ടിക തയ്യാറാക്കുമ്പോൾ തന്നെ ആകെ ഓരോ വർഷവും വിവിധ പദ്ധതികളിൽ റീചാർജു ചെയ്യുവാൻ കഴിയുന്ന കിണറുകളുടെ എണ്ണവും മുൻഗണനകളും ആവശ്യമായ മെറ്റീരിയലുകളുടെയും തൊഴിൽ ഘടകങ്ങളും നിശ്ചയിക്കേണ്ട താണ്. ഇതിനുശേഷം Route Map തയ്യാറാക്കി റീചാർജ് ചെയ്യുന്ന രീതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ട താണ് (മെഷർമെന്റ് ബുക്ക്). കിണർ റീചാർജിന് വാങ്ങി ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനു വേണ്ടി നിയോഗിച്ചിട്ടുള്ള ഒരു പ്രത്യേക ടീം പരിശോധന നടത്തേ ണ്ടതും ബ്ലോക്ക്/ജില്ലാതല ഉദ്യോഗസ്ഥർ Random ആയി പരിശോധിക്കേണ്ടതാണ്.

7. നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം, നിർവ്വഹണ സൗകര്യം (Logistical Advantage), സാമ്പത്തിക ലാഭം (Economics of Scales) എന്നിവ കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തു തലത്തിൽ റീചാർജ് ചെയ്യേ കിണറുകൾക്കാവശ്യമായ ഗട്ടർ, പൈപ്പുകൾ, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ ഏത് പദ്ധതിയിൻ കീഴിലാണോ കിണർ റീചാർജ് പ്രോഗ്രാം നടപ്പിലാക്കുന്നത് എന്നതനുസരിച്ച് ആ പദ്ധതിയുടെ മാർഗ്ഗ രേഖകൾക്ക് വിധേയമായി സാധ്യമെങ്കിൽ അവ മൊത്തമായി വാങ്ങാവുന്നതാണ്. അവ പഞ്ചായത്തിൽ ഒരു സ്ഥലത്ത് താല്ക്കാലികമായി തയ്യാറാക്കപ്പെടുന്ന വർക്ക് ഷെഡിൽ വച്ച് മുൻപ് തയ്യാറാക്കിയ ലിസ്റ്റിലെ ആളുകളുടെ വീടുകളുടെ അളവുകൾ പ്രകാരമുള്ള പൈപ്പുകൾ റെഡിയാക്കി കെട്ടുകളാക്കി (Bundles) സജ്ജമാക്കണം. ഇങ്ങനെ കുറെയധികം കെട്ടുകൾ തയ്യാറാകുന്ന മുറയ്ക്ക് കിണർ റീചാർജ് ചെയ്യേണ്ട വീടുകളിൽ മെറ്റീരിയൽ എത്തിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് പ്രാദേശികമായി ഉയർന്നുവരുന്ന പ്രായോഗിക പ്രശ്നങ്ങൾക്ക് ജില്ലാതലത്തിൽ തന്നെ പരിഹാരം കാണുന്നതിന് ജില്ലാ കളക്ടർ ചെയർമാനായുള്ള സമിതിക്ക് അധികാരം ഉണ്ടായിരിക്കും. റീചാർജിംഗ് പദ്ധതിക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള സാധ്യതകൾ പ്രസ്തുത സമിതിക്ക് പ്രാദേശികമായി പരിശോധി ക്കാവുന്നതാണ്.

മെറ്റീരിയൽ എത്തുന്ന മുറയ്ക്ക് മുൻകൂട്ടി തയ്യാറാക്കിയ റൂട്ട് മാപ്പ് പ്രകാരം തൊഴിലാളികൾ പോയി വീട്ടുകാരുടെ കൂടി സഹായ സഹകരണത്തോടെ റീചാർജ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന രീതിയാണ് അവലംബിക്കേണ്ടത്. പൂർത്തിയാക്കിയ ഓരോ പ്രവൃത്തികളുടെയും ഗുണമേന്മ ഉറപ്പ് വരുത്താൻ ഗ്രാമപഞ്ചായത്ത് തലത്തിൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

കിണർ റീചാർജ്ജിംഗ് പ്രക്രിയ ആരംഭിക്കുന്നതിന് മുമ്പായിത്തന്നെ ഏത് തരത്തിലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കേണ്ടതെന്നുള്ള ഗുണഭോക്താവിന്റെ സമ്മതപത്രം വാങ്ങേണ്ടതാണ്. കിണർ റീചാർജിംഗിനാവശ്യമായ ഫിൽറ്റർ മീഡിയ അതാത് ഗുണഭോക്താക്കൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ സ്റ്റോറേജ് ടാങ്ക് ആവശ്യമുള്ളവർ സ്വന്തം ചെലവിൽ ലഭ്യമാക്കേണ്ടതാണ്. ഓരോ വീടിലെയും കിണർ റീചാർജ് കഴിയുന്ന മുറയ്ക്ക് കുടുംബത്തിലെ ആളുകൾ റീചാർജ് സംവിധാനങ്ങൾ ശ്രദ്ധിക്കേണ്ടതിന്റെ പ്രാധാന്യവും ആവശ്യകതയും പറഞ്ഞു കൊടുക്കേണ്ടതാണ്. തുടർ സാങ്കേതിക സഹായത്തിനായി ജലമിത്രങ്ങളുടെ സേവനത്തെക്കുറിച്ചുള്ള വിവരങ്ങളും നൽകേണ്ടതാണ്.

8. ഓരോ ദിവസവും പൂർത്തീകരിക്കുന്ന കിണറുകളുടെ വിശദാംശങ്ങൾ അതാതു ദിവസം തന്നെ വാർഡുതല ചുമതലയുള്ളവരെ അറിയിക്കേണ്ടതാണ്.

9. <u>പ്രചരണ, അവബോധ, വിദ്യാഭ്യാസ, മനോഭാവമാറ്റ പ്രവർത്തനങ്ങൾ</u>

മഴവെള്ള സംഭരണം സ്കീമുകളിലൂടെയും പദ്ധതികളിലൂടെയും മാത്രം പൂർണ്ണമാക്കുവാൻ കഴിയില്ല. വിവിധ സാങ്കേതിക രീതികളും മാർഗ്ഗങ്ങളും മാതൃകകളും പ്രചരിപ്പിക്കുന്നതോടൊപ്പം ജലത്തെ കൂടുതലായി സംഭരിക്കുകയും സംരക്ഷിക്കുകയും ശുദ്ധമായി പരിപാലിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം രൂപപ്പെടുത്തേണ്ടതും അത്യാവശ്യമാണ്.

വിപുലവും വ്യാപകവും വ്യത്യസ്ത തലങ്ങളിലുമുള്ള പ്രചരണ അവബോധ, വിദ്യാഭ്യാസ, മനോഭാവമാറ്റ പരിപാടികളാണ് നടപ്പിലാക്കേത്. സംസ്ഥാന തലത്തിൽ നടക്കുന്ന പരിപാടികളോടൊപ്പം വിവിധ പ്രാദേശിക തലങ്ങളിലും തനതു പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

മഴവെള്ള സംഭരണ പരിപാടിയുടെ ഭാഗമായുള്ള സംസ്ഥാന, ജില്ല, ബ്ലോക്ക്, ഗ്രാമതല സമിതികൾ യോഗം ചേർന്ന് ആവശ്യമായ രൂപരേഖ തയ്യാറാക്കേണ്ടതാണ്.

സംസ്ഥാനതല പ്രചരണ പരിപാടികൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ഏകോപിപ്പിച്ച് നടത്തേണ്ട താണ്. ഐ.ഇ.സി. പ്രവർത്തനങ്ങൾക്ക് ആവശ്യമായ മെറ്റീരിയലുകൾ ലഭ്യമാക്കുന്നതിന് വേണ്ടി ഹരിത കേരളം മിഷന്റെ സഹായവും ലഭ്യമാക്കേണ്ടതാണ്.

10. <u>സാങ്കേതിക സഹായം</u>

വാർഡ് തലത്തിൽ മഴവെള്ള സംഭരണ വിഷയങ്ങളിൽ സാങ്കേതിക സഹായം നൽകുന്നതിനായി ജലമിത്രങ്ങളെ കിലയുടെ നേതൃത്വത്തിൽ പരിശീലി പ്പിക്കേണ്ടതാണ്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തപ്പെടുന്ന കിണർ റീചാർജിന് അതാതു തലത്തിലുള്ള സാങ്കേതിക മേൽനോട്ടവും നൽകേണ്ടതാണ്. സ്വന്തം ചെലവിലും സാമൂഹ്യ പ്രതിബദ്ധതാ പദ്ധതി, സ്പോൺസറിംഗ് എന്നിവ യിലൂടെ നടപ്പിലാക്കുന്നവയിലും ജലമിത്രങ്ങളുടെയും ജില്ലാതല സംഘാടക സമിതി അംഗീകരിക്കുന്ന അക്രഡിറ്റഡ് സന്നദ്ധ സംഘടനകളുടെ സേവനവും നൽകാവുന്നതാണ്. മണ്ണ്ജല സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ, സർക്കാരേതര ഏജൻസികൾ എന്നിവയുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. (ഉദാ. CWRDM, IRTC, SEUF, COSTFORD, കേരള കാർഷിക സർവ്വകലാശാല, കൃഷിവിജ്ഞാന കേന്ദ്രങ്ങൾ)

ഓരോ ജില്ലയിലും അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കാനുള്ള ഉത്തരവാദിത്തം അതാത് ജില്ലാ കലക്ടർമാർക്കായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസികളുടെ സേവനം പൊതുജനങ്ങൾക്ക് കലക്ടറേറ്റുകളിലെ ഹെൽപ് ഡെസ്ക് സംവിധാനം വഴിയും ലഭ്യമാക്കേണ്ടതാണ്.

ഹരിത കേരളം മിഷന്റെ ഭാഗമായി രൂപീകരിക്കുന്ന സാങ്കേതിക സമിതികളുടെ സഹായം അതാതു തലങ്ങളിൽ ലഭ്യമാക്കേണ്ടതാണ്.

11. <u>ബഹുജന പങ്കാളിത്തം</u>

വാർഡ്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, ലൈബ്രറികൾ, ജനകീയ സംഘടനകൾ, സ്ഥാപനങ്ങൾ, പഞ്ചായത്തിലെ വിവിധ ഔദ്യോഗിക സംഘടനാ സംവിധാനങ്ങൾ

എന്നിവരുടെ സേവനവും പങ്കാളിത്തവും ഉറപ്പാക്കി വരൾച്ച പ്രതിരോധ പരിപാടിയെന്ന നിലയിൽ കിണർ റീചാർജ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. സന്നദ്ധ സേവനം, സാമ്പത്തിക സഹായം, പ്രചരണം, സർവ്വെ, ജലസഭ തുടങ്ങിയ മേഖലകളിൽ ജനപങ്കാളിത്തം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

12. <u>സാനിട്ടറി കിണർ</u>

കിണറുകളിലെ ജലനിരപ്പ് ഉയർത്തുന്നതുപോലെ ജലശുദ്ധി ഉറപ്പാക്കുകയും പ്രാധാന്യമുള്ള ഘടകമാണ്. സാനിട്ടറി കിണറിന്റെ ഭാഗമായി ചുവടെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കണം.

1) കിണറും പരിസരവും വൃത്തിയായി സൂക്ഷിക്കുക
2) ആൾമറ, പ്ലാറ്റ്ഫോം എന്നിവ തയ്യാറാക്കുക
3) വലകൾ ഉപയോഗിച്ച് കിണർ മൂടുക
4) ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കുക
5) ഇടവേളകളിൽ കിണറുകളിലെ ജലഗുണനിലവാരം പരിശോധിക്കുക.

13. <u>പരിശീലനം</u>

ജനപങ്കാളിത്തത്തോടുകൂടിയുള്ള ജലസംരക്ഷണ പരിപാടികൾ ഏറ്റെടുക്കുന്നതിന് വിവിധ തലങ്ങളിൽ വിപുലമായ പരിശീലനങ്ങൾ ആവശ്യമാണ്. ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർക്ക് പരിശീലനം നൽകുന്നതിന്റെ പരിപൂർണ്ണ ചുമതല 'കില'യ്ക്ക് ആയിരിക്കും. ഇതിനായി ഒരു പ്രത്യേക പരിശീലന സെൽ, ജീവനക്കാർ ഉൾപ്പെടെ, കില രൂപീകരിക്കേണ്ടതാണ്.

**<u>സംഘാടനവും ചുമതലകളും</u>**

മഴവെള്ള സംഭരണ പരിപാടികളുടെ സംഘാടനത്തിനായി ചുവടെപ്പറയുന്ന വിവിധതല സംഘാടനവും സംവിധാനങ്ങളും പ്രവർത്തിക്കുന്നതാണ്.

## സംസ്ഥാനതലം

ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള ഹരിത കേരളം മിഷന്റെ കീഴിൽ സംസ്ഥാനതല മഴവെള്ള സംഭരണ ടാസ്ക് ഫോഴ്സ് ടീം, കോർ കമ്മിറ്റി, മഴവെള്ള സംഭരണ പരിശീലന പ്രചരണ ഏകോപന സെൽ.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാനതല ടാസ്ക് ഫോഴ്സും കോർ കമ്മിറ്റിയും സംസ്ഥാനതല ഏകോപനം നടത്തുന്നതാണ്.

ഘടന ചുവടെ ചേർക്കുന്നു.

### സംസ്ഥാനതല കർമ്മ സമിതി

ടീം ലീഡർ - സ്പെഷ്യൽ സെക്രട്ടറി, ത.സ്വ.ഭ.വ.

അംഗങ്ങൾ -

1. സെക്രട്ടറി, ജലവിഭവ വകുപ്പ്,
2. സെക്രട്ടറി, റെവന്യൂ/ദുരന്ത നിവാരണ വകുപ്പ്
3. ഗ്രാമവികസന കമ്മീഷണർ
4. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എ.
5. പഞ്ചായത്ത് ഡയറക്ടർ.
6. ഡയറക്ടർ, അർബൻ അഫയേഴ്സ്.
7. കൃഷി വകുപ്പ് ഡയറക്ടർ
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
10. DGM, NABARD.
11. ഡയറക്ടർ, സോയിൽ സർവ്വെ & സോയിൽ കൺസർവേഷൻ.
12. റീജിയണൽ ഡയറക്ടർ, സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ്, തിരുവനന്തപുരം.
13. ജില്ലാ കളക്ടർ, തൃശ്ശൂർ & ഡയറക്ടർ മഴപ്പൊലിമ.
14. ഡയറക്ടർ, കില.

15. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ, വനംവകുപ്പ്.
16. ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ.
17. ചീഫ് എഞ്ചിനീയർ, ത.സ്വ.ഭ.വ.
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി/ ഡയറക്ടർ, CCDU.
19. ഡയറക്ടർ, PRD
20. ഡയറക്ടർ, NCESS.
21. കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്.
22. ഡയറക്ടർ, KSREC.
23. എക്സിക്യൂട്ടീവ് ഡയറക്ടർ, CWRDM.
24. ടെക്നിക്കൽ അഡ്വൈസർ, ഹരിത കേരള മിഷൻ.
25. മെമ്പർ സെക്രട്ടറി, KSDMA.
26. ഡയറക്ടർ, ഐ.ആർ.റ്റി.സി. പാലക്കാട്.
27. ഡയറക്ടർ, COSTFORD.
28. ഡയറക്ടർ, SEUF.
29. ഡോ. പി.സുഭാഷ് ചന്ദ്രബോസ്, മഴവെള്ള സംഭരണ, നീർത്തട വികസന വിദഗ്ദ്ധൻ.
30. സംസ്ഥാനതല ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങളെ സാങ്കേതികമായി സഹായിക്കുവാൻ സാങ്കേതിക വിദഗ്ദ്ധരെ ആവശ്യാനുസരണം ഉൾപ്പെടുത്തുന്നതാണ്.

<u>സംസ്ഥാനതല കോർ ടീം</u>

1. ഡോ. വി.കെ.ബേബി ഐ.എ.എസ്, സ്പെഷ്യൽ സെക്രട്ടറി, എൽ.എസ്.ജി.ഡി
2. ഡോ. അജയകുമാർ വർമ്മ, ടെക്നിക്കൽ അഡ്വൈസർ, ഹരിത കേരളം മിഷൻ
3. ഡോ. ജോയ് ഇളമൺ, ഡയറക്ടർ, കില

4. എ. നിസാമുദീൻ, കമ്മീഷണർ, സംസ്ഥാന ഭൂവിനിയോഗ ബോർഡ്
5. ഡോ. ശേഖർ കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
6. ശ്രീ. ബി. സജിത്ത്, ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ & പ്രോഗ്രാം ഓഫീസർ, ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
7. റോയ് മാത്യു, അസി. ഡയറക്ടർ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്
8. സി. ചന്ദ്രബാബു, ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ (റിട്ട.)
9. ഡോ. പി.സുഭാഷ് ചന്ദ്രബോസ്, വിദഗ്ദ്ധൻ, മഴവെള്ള സംഭരണം, നീർത്തടാധിഷ്ഠിത വികസനം.
10. വിമൽരാജ്.കെ.കെ, എ.ഡി.സി., എം.ജി.എൻ.ആർ.ഇ.ജി.എസ്.

<u>ചുമതലകൾ</u>

സംസ്ഥാനതല ടാസ്ക്ഫോഴ്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സഹായിക്കുകയും സാങ്കേതികമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവാനാണ് കോർ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനതലത്തിൽ മാർഗ്ഗരേഖകൾ തയ്യാറാക്കുക, സാങ്കേതിക സഹായികൾ സജ്ജമാക്കുക, പരിശീലനങ്ങൾ, പ്രചരണ പരിപാടികൾ എന്നിവ ഏകോപിപ്പിക്കുക, സംസ്ഥാനതല മോണിറ്ററിംഗ് നടത്തുക, താഴെ തലങ്ങളിലേക്കാവശ്യമായ സഹായം നൽകുക തുടങ്ങിയവയാണ് സംസ്ഥാനതല ടാക്സ് ഫോഴ്സിന്റെ പ്രധാന ചുമതലകൾ.

<u>ജില്ലാതലം</u>

ജില്ലകളിലെ ഹരിത കേരളം ജില്ലാമിഷന്റെ ജലസുരക്ഷക്കുള്ള സാങ്കേതിക സമിതിയായിരിക്കും ജില്ലാതലത്തിലെ സാങ്കേതിക ഘടകങ്ങൾ ഉൾപ്പെടെ സംഘടിപ്പിക്കുന്നത്. ജില്ലയിലെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേ ണ്ടി ജില്ലാ കളക്ടർ നിർദ്ദേശിക്കുന്ന 3 അംഗ ങ്ങളുള്ള ടീമിനെ മേൽനോട്ടം ഏല്പിക്കേണ്ടതാണ്.

ജില്ലാതല കർമ്മ സമിതി

ഹരിത കേരള മിഷന്റെ ജില്ലാതല കർമ്മസമിതിക്കായിരിക്കും ജില്ലയിലെ കിണർ/കുളങ്ങളുടെ റീചാർജ്ജിംഗ് നടത്തിപ്പിന്റെ ചുമതല.

ചുമതലകൾ

1. ജില്ലയിലെ മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
2. ജില്ലയിലെ സന്നദ്ധ സംഘടനകളിൽ നിന്ന് താല്പര്യമുള്ളവരെ ഉൾപ്പെടുത്തി മഴവെള്ള സംഭരണ പരിപാടികൾക്ക് ചുമതല നൽകുക. അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റും ലിസ്റ്റും ജില്ലകളിൽ തന്നെ നൽകേണ്ടതാണ്.
3. ജില്ലയിൽ ആവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
4. സാമൂഹ്യ പ്രതിബദ്ധത പദ്ധതി പ്രകാരം താല്പര്യമുള്ള ഏജൻസികളെ കണ്ടെത്തുക.
5. വിവിധ പരിശീലനങ്ങൾ ഏകോപിപ്പിക്കുക
6. ജില്ലയിലെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക
7. റിപ്പോർട്ടുകൾ തയ്യാറാക്കുക

ഓരോ ജില്ലയിലെയും പ്രാദേശികമായ സവിശേഷ സാഹചര്യം പരിഗണിച്ച് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഉതകുന്ന നൂതന മാർഗ്ഗങ്ങൾ ജില്ലാകളക്ടർക്ക് അവലംബിക്കാവുന്നതാണ്

ബ്ലോക്ക്പഞ്ചായത്ത് തലം

ഹരിത കേരളം മിഷന്റെ ബ്ലോക്കുപഞ്ചായത്തുതല ജലസുരക്ഷ സാങ്കേതിക സമിതിയായിരിക്കും മഴവെള്ള സംഭരണത്തിനാവശ്യമായ ഏകോപനവും സാങ്കേതിക സഹായവും നൽകേണ്ടത്.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ചെയർമാനായി 3 അംഗ സമിതിയെ കൂടി ഉൾപ്പെടുത്തി ബ്ലോക്കുതല പ്രോജക്ട് സപ്പോർട്ട് സെല്ലിന് രൂപം നൽകേണ്ടതാണ്. ഇതിന്റെ ചുമതല ജോയിന്റ് ബി.ഡി.ഒ.ക്ക് നൽകേണ്ടതാണ്.

ചുമതലകൾ

1. ബ്ലോക്കിലെ മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
2. ബ്ലോക്കിലെ സന്നദ്ധ സംഘടനകളിൽ നിന്ന് താല്പര്യമുള്ളവരെ ഉൾപ്പെടുത്തി മഴവെള്ള സംഭരണ പരിപാടികൾക്ക് ചുമതല നൽകുക. അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റും ലിസ്റ്റും ബ്ലോക്കുകളിൽ തന്നെ നൽകേണ്ടതാണ്.

3. ബ്ലോക്കിൽ ആവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
4. സാമൂഹ്യ പ്രതിബദ്ധത പദ്ധതി പ്രകാരം താല്പര്യമുള്ള ഏജൻസികളെ കണ്ടെത്തുക.
5. വിവിധ പരിശീലനങ്ങൾ ഏകോപിപ്പിക്കുക
6. ബ്ലോക്കിലെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക
7. റിപ്പോർട്ടുകൾ തയ്യാറാക്കുക

<u>ഗ്രാമപഞ്ചായത്തുതലം</u>

ഹരിത കേരളം മിഷന്റെ ഗ്രാമപഞ്ചായത്ത്തല സമിതിയിലെ ജലസുരക്ഷ സാങ്കേതിക സമിതിയായിരിക്കും ഗ്രാമപഞ്ചായത്ത്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

<u>ഗ്രാമപഞ്ചായത്ത്തല സാങ്കേതിക സമിതി (GPLTC):</u>

1. വൈസ് ചെയർമാൻ പ്ലാനിംഗ് കമ്മിറ്റി
2. സി.ഡി.എസ്സ്. അദ്ധ്യക്ഷ
3. അസി. സെക്രട്ടറി ഗ്രാമപഞ്ചായത്ത്
4. കൃഷി ഓഫീസർ, ഗ്രാമപഞ്ചായത്ത്
5. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
6. അസി. എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത്
7. അസി. എഞ്ചിനീയർ/ഓവർസിയർ, തൊഴിലുറപ്പ് പദ്ധതി
8. നീർത്തട വികസന പരിപാടികളിൽ പരിചയമുള്ള സന്നദ്ധ സംഘടനയിൽ നിന്നുള്ള ഒരംഗം
9. ജലസംരക്ഷണ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള മൂന്ന് പ്രമുഖർ (എഞ്ചിനീയർ/ ശാസ്ത്രജ്ഞർ)
10. ജലസേചന വകുപ്പിൽ നിന്ന് നിയോഗിച്ചിട്ടുള്ള അസി.എഞ്ചിനീയർ (കൺവീനർ)

<u>ചുമതലകൾ</u>

1. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പുനരുജ്ജീവിപ്പിക്കേണ്ട/ വൃത്തിയാക്കേണ്ട കുളങ്ങളുടെയും, ചിറകളുടെയും, തോടുകളുടെയും, പൊതു കിണറുകളുടെയും സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കുക.

2. ജലക്ഷാമം പരിഗണിച്ച് പുതുതായി നിർമ്മിക്കേ കുളങ്ങൾ, കിണറുകൾ എന്നിവക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥാനം പരിശോധിച്ച് സാധ്യതകൾ വിലയിരുത്തുക.
3. ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ നീർത്തട ഭൂപടം നിശ്ചിത ഏജൻസിയിൽ നിന്നും ശേഖരിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനോ, നിർമ്മിക്കുന്നതിനോ നിർദ്ദേശിച്ചിട്ടുള്ള നിർമ്മിതികളുടെ സ്ഥാനം നീർത്തട ഭൂപടത്തിൽ അടയാളപ്പെടുത്തുക. നിലവിൽ നീർത്തട പ്ലാൻ തയ്യാറാക്കിയിട്ടുള്ള സ്ഥലങ്ങളിൽ അതോടൊപ്പമുള്ള നീർത്തട ഭൂപടം ഉപയോഗിക്കാവുന്നതാണ്.
4. കുന്നിന്മുകളിൽ നിന്ന് താഴ്‌വരയിലേക്ക് (Ridge to Valley) എന്ന സമീപനം പരിഗണിച്ചും ഗ്രാമസഭയുടെയും, പഞ്ചായത്ത് സമിതിയുടെയും അഭിപ്രായം പരിഗണിച്ചും പുനരുജ്ജീവിപ്പിക്കേണ്ടതും, പുതുതായി നിർമ്മിക്കേണ്ടതുമായ കുളങ്ങൾ, ചിറകൾ, തോടുകൾ, കനാലുകൾ, പൊതു കിണറുകൾ ഇവയുടെ മുൻഗണന നിശ്ചയിക്കുക.
5. മുൻഗണനാ ക്രമത്തിൽ തീരുമാനിക്കപ്പെട്ടിട്ടുള്ള കുളങ്ങൾ, ചിറകൾ, തോടുകൾ, കനാലുകൾ, പൊതുകിണറുകൾ ഇവയുടെ പുനരുജ്ജീവനത്തിനോ, നിർമ്മാണത്തിനോ വേണ്ട ഏകദേശ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക.
6. തൊഴിലുറപ്പ് പദ്ധതി, മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ, ബാഹ്യ ഏജൻസികൾ പണം മുടക്കുന്ന പദ്ധതികൾ (നബാർഡ് സ്കീം പോലെ), ജലവിഭവം, മണ്ണ് സംരക്ഷണം തുടങ്ങിയ വകുപ്പുകളുടെ പദ്ധതികൾ, ജനകീയാസൂത്രണ പദ്ധതി ഇവയുടെ മാനദണ്ഡങ്ങളും, സാമ്പത്തിക ലഭ്യതയും പരിഗണിച്ച് ഓരോ പ്രവർത്തിയും ഏത് ഏജൻസി നിർവ്വഹിക്കുന്നതാണ് ഉത്തമം എന്ന് തീരുമാനിക്കുക.
7. ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തോടെ ഓരോ പ്രവർത്തിയും നിർവ്വഹിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏജൻസിക്ക് പ്രവർത്തി കൈമാറുക.
8. നിശ്ചിത ഏജൻസികൾ അവരവരുടെ മാനദണ്ഡങ്ങൾ പ്രകാരം നടത്തുന്ന പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് പുരോഗതിയും , പോരായ്മയും പഞ്ചായത്ത് സമിതിക്ക് റിപ്പോർട്ട് ചെയ്യുക.
9. പോരായ്മകൾ പരിഹരിക്കുന്നതിന് കൂട്ടായ സാങ്കേതിക അഭിപ്രായ രൂപീകരണം നടത്തി നിർവ്വഹണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് സഹായിക്കുക.

10. പദ്ധതി രൂപീകരണ-നിർവ്വഹണ ഘട്ടങ്ങളിൽ ഏതൊക്കെ പ്രവർത്തികളിൽ ജനങ്ങളുടെ സന്നദ്ധ പ്രവർത്തനം ആവശ്യമാണെന്നും, പ്രയോജന പ്രദമാണെന്നും പഞ്ചായത്ത് അംഗങ്ങളെയും സമൂഹത്തെയും ബോധ്യപ്പെടുത്തുക, സംഘടിപ്പിക്കുന്നതിന് പ്രേരിപ്പിക്കുക.
11. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വരുന്ന ഓരോ നീർത്തടത്തിലും 'Transect walk' നടത്തി നീർത്തടത്തിന്റെ അതിർത്തി നിർണ്ണയിച്ച് ആ നീർത്തടത്തിലെ മണ്ണ്-ജല പ്രത്യേകതകളും ഭൂവിനിയോഗവും പരിഗണിച്ച് ഒരു പ്രാഥമിക അവലോകന റിപ്പോർട്ട് തയ്യാറാക്കുക.
12. നീർത്തടത്തിനകത്തെ വിവിധ വിഭവങ്ങളുടെ അവസ്ഥ, പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ, സാദ്ധ്യതകൾ ഇവ പരിഗണിച്ചുകൊണ്ട് അനുയോജ്യമായ കർമ്മ പരി പാടികൾ നിർദ്ദേശിച്ചുകൊണ്ടുമുള്ള ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന നീർത്തടങ്ങളുടെ വികസന റിപ്പോർട്ട് തയ്യാറാക്കുക.
13. നീർത്തട വികസന റിപ്പോർട്ട് ഗ്രാമസഭയിലും പഞ്ചായത്ത് സമിതിയിലും മറ്റ് നിർദ്ദിഷ്ട വേദികളിലും അവതരിപ്പിച്ച് നിർദ്ദേശം സ്വീകരിച്ച് അന്തിമമാക്കുക.
14. ബ്ലോക്ക്തല നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു ബ്ലോക്ക്തല സാങ്കേതിക സമിതിക്ക് വേണ്ട സഹായം നൽകുക.
15. അംഗീകരിച്ച മാസ്റ്റർപ്ലാൻ പ്രകാരം നീർത്തടത്തിൽ നടത്തേ പ്രവർത്തനങ്ങൾക്ക് വിശദമായി പദ്ധതിരേഖ തയ്യാറാക്കി നിർവ്വഹണം നടത്തുകയോ, നിർവ്വഹ ണത്തിന് സഹായിക്കുകയോ ചെയ്യുക.

<u>മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല സാങ്കേതിക സമിതി (MLTC):</u>

1. വൈസ് ചെയർപേഴ്സൺ, പ്ലാനിംഗ് കമ്മിറ്റി
2. മുനിസിപ്പൽ/കോർപ്പറേഷൻ എഞ്ചിനീയർ
3. തൊഴിലുറപ്പ് പദ്ധതി നോമിനി
4. ഭൂജലവകുപ്പ് ഹൈഡ്രോജിയോളജിസ്റ്റ്
5. കൃഷിവകുപ്പ് പ്രിൻസിപ്പൽ അഗ്രി. ഓഫീസർ/ഡ. ഡയറക്ടർ
6. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ
7. ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ
8. നീർത്തട വികസന പരിപാടികളിൽ പരിചയമുള്ള സന്നദ്ധ സംഘടനയിൽ നിന്നുള്ള ഒരംഗം

9. ജലസംരക്ഷണ മേഖലയിൽ വൈദഗ്ദ്ധ്യമുള്ള മൂന്ന് പ്രമുഖർ (എൻജിനീയർ/ ശാസ്ത്രജ്ഞർ)
10. ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ നിയോഗിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൺവീനർ)

ചുമതലകൾ

ഗ്രാമപഞ്ചായത്ത്തല സാങ്കേതിക സമിതി നിർവ്വഹിക്കുന്ന എല്ലാ ചുമതലകളും മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല സാങ്കേതിക സമിതിക്കും ബാധകമാണ്.

ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി ചെയർമാനായുള്ള 3 അംഗങ്ങളെ കൂടി ഉൾപ്പെടുത്തിയുള്ള കോർ ഗ്രൂപ്പ് നിശ്ചയിക്കേണ്ടതാണ്.

കോർ ഗ്രൂപ്പിന്റെ ചുമതലകൾ

1. ഗ്രാമപഞ്ചായത്തിലെ മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക
2. ഗ്രാമപഞ്ചായത്തിലെ സന്നദ്ധ സംഘടനകളിൽ നിന്ന് താല്പര്യമുള്ളവരെ ഉൾപ്പെടുത്തി മഴവെള്ള സംഭരണ പരിപാടികൾക്ക് ചുമതല നൽകുക. അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റും ലിസ്റ്റും ഗ്രാമപഞ്ചായത്തിൽ തന്നെ നൽകേണ്ടതാണ്
3. ഗ്രാമപഞ്ചായത്തിൽ ആവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
4. സാമൂഹ്യ പ്രതിബദ്ധത പദ്ധതി പ്രകാരം താല്പര്യമുള്ള ഏജൻസികളെ കണ്ടെത്തുക
5. ഗ്രാമപഞ്ചായത്ത്തല മുൻഗണനാലിസ്റ്റ് തയ്യാറാക്കുക
6. വിവിധ പ്രചരണ, പരിശീലന പിരപാടികൾ സംഘടിപ്പിക്കുക
7. കിണർ റീചാർജിനാവശ്യമായ വർക്ക്ഷെഡ്, മറ്റ് അനുബന്ധ സഹായങ്ങൾ എന്നിവ ഉറപ്പാക്കുക
8. മോണിറ്ററിംഗ് സംഘടിപ്പിക്കുക
9. റിപ്പോർട്ട് തയ്യാറാക്കുക

വാർഡുതലം

വാർഡ് മെമ്പർ, ജലമിത്രങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വാർഡുതല പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഹരിത കേരളം മിഷന്റെ വാർഡുതല പ്രവർത്തനങ്ങളുമായും സംഘടനാ സംവിധാനങ്ങളുമായും പദ്ധതിയെ സംയോജിപ്പിച്ച് നടപ്പിലാക്കണം.

ജലമിത്രങ്ങൾ

വാർഡ്, പഞ്ചായത്ത്തലങ്ങളിൽ മഴവെള്ള സംഭരണമുൾപ്പെടെയുള്ള ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളെ സാങ്കേതികമായി സഹായിക്കുവാൻ ജലമിത്രങ്ങളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കില യുടെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശീലനവും സർട്ടിഫിക്കറ്റും നൽശുന്നതാണ്.

ചുമതലകൾ

1. മഴവെള്ള സംഭരണം ഉൾപ്പെടെയുള്ള മേഖലകളിൽ ജനങ്ങൾക്ക് സാങ്കേതിക ഉപദേശം നൽകുക
2. സബ്സിഡികൾ, വിവിധ പദ്ധതികൾ എന്നിവക്കാവശ്യമായ പ്രചാരണം നൽകുക
3. ജനങ്ങൾക്ക് ജലമിത്രങ്ങളുടെ സേവനം, സർവീസ് ചാർജ് സ്വീകരിച്ച് നൽകുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. പരിശീലനം സംബന്ധിച്ചുള്ള അറിയിപ്പിനോടൊപ്പം വിശദാംശങ്ങൾ നൽകുന്നതാണ്.

ശാക്തീകരണ പരിശീലന പരിപാടികൾ

കിലയുടെ നേതൃത്വത്തിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ഇവക്കായി ഒരു പ്രത്യേക പരിശീലന കോർഡിനേഷൻ സെൽ കില പ്രവർത്തിപ്പിക്കും. പരിശീലന പരിപാടികളുടെ സമയക്രമവും വിശദാംശ ങ്ങളും പിന്നാലെ നൽകുന്നതാണ്.

നടപടികളും നിർവ്വഹണ ചട്ടങ്ങളും

വിവിധ പദ്ധതികളിലെ സാമ്പത്തിക സ്രോതസുകളുടെ സഹായത്താലാണ് കിണർ റീചാർജ് പൂർത്തീകരിക്കുന്നത്. അതേ സമയം സാമ്പത്തികമായ സംയോജനം ഉദ്ദേശിക്കുന്ന ഓരോ വകുപ്പിലും പദ്ധതിയിലും നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് അതാത് വകുപ്പിന്റെയും പദ്ധതിയുടെയും നിയമാവലിയും നിർവ്വഹണ ചട്ടങ്ങളും ബാധകമാണ്. സാധന, സേവന അനുപാതം നിശ്ചയിച്ചിട്ടുള്ള (ഉദാ. എം.ജി.എൻ.ആർ.ഇ.ജി.എസ്. തുടങ്ങിയവ) അവ കൃത്യമായി പാലിക്കപ്പെടണം.

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പും മാനദണ്ഡങ്ങൾക്കും ഏതു പ ദ്ധതിയിലാണ് ഉൾപ്പെടുത്തുക എന്നതിനനുസരിച്ചുള്ള രീതികൾക്കും അനുസരിച്ച് മാത്രമായിരിക്കണം.

അതാതു വകുപ്പുകളുടെ പദ്ധതികളിലെ നിയമങ്ങൾക്കനുസരിച്ചു മാത്രമെ സാധന സാമഗ്രികൾ വാങ്ങാവൂ.

സാധന സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുക, എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുള്ള പ്രവർത്തികൾക്ക് വാല്യുവേഷൻ, സർട്ടിഫിക്കറ്റേഷൻ, കൂലി, വേതനം എന്നിവ നൽകുക.

പദ്ധതിയുടെ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പാക്കുക.

ധനസമാഹരണ മാർഗ്ഗങ്ങൾ

ഗ്രാമപഞ്ചായത്തുതലത്തിൽ ക്രോഡീകരിക്കപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആകെ റീചാർജ് ചെയ്യേ കിണറുകളുടെ ലിസ്റ്റ് തയ്യാറാക്കുന്ന മുറയ്ക്ക് ചുവടെപ്പറയുന്ന രീതിയിൽ സാമ്പത്തിക സമാഹരണ ചാർട്ടും തയ്യാറാക്കേണ്ട താണ്.

മഴവെള്ള സംഭരണം

കിണർ റീചാർജ് - സാമ്പത്തിക സമാഹരണം

| ക്രമ നം. | പദ്ധതി/ ധനസ്രോതസ് | ആകെ റീചാർജ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന കിണറുകൾ | | | |
|---|---|---|---|---|---|
| | | 2017-18 | 2018-19 | 2019-20 | 2020-21 |
| 1 | തൊഴിലുറപ്പ് പദ്ധതി | | | | |
| 2 | പ്ലാൻ പദ്ധതി | | | | |
| 3 | സ്വന്തം ചെലവിൽ ചെയ്യിക്കുന്നവ | | | | |
| 4 | സാമൂഹ്യ പ്രതിബന്ധത (ഉദ്ദേശം) | | | | |
| 5 | സ്പോൺസറിംഗ് (ഉദ്ദേശം) | | | | |

സാമൂഹ്യ പ്രതിബദ്ധത ഫണ്ട്/സ്പോൺസറിംഗ്

സാമൂഹ്യ പ്രതിബദ്ധത ഫണ്ട്, സ്പോൺസറിംഗ് എന്നിവ കണ്ടെത്തുവാൻ വിവിധ തലത്തിലുള്ള സംഘാടക സമിതികളുടെ കൂട്ടായ്മയും പരസ്പര സഹായവും പരമാവധി ഉപയോഗിക്കേണ്ട താണ്. ഇത്തരം ഫണ്ടിനുള്ള ഗുണ ഭോക്താക്കളുടെ ലിസ്റ്റ് സാമ്പത്തികം നൽകുവാൻ തയ്യാറുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കൈമാറ്റം ചെയ്യേണ്ടതാണ്. അവർക്ക് നേരിട്ടോ അക്രഡിറ്റഡ് സന്നദ്ധ സംഘടനകൾ ഉൾപ്പെടെയുള്ളവരുടെ സഹായത്താലോ കിണർ റീചാർജ് പൂർത്തീകരി ക്കാവുന്നതാണ്. ജലമിത്രങ്ങൾ, വിവിധതല സാങ്കേതിക, സംഘാടക സമിതികൾ

എന്നിവർ ആവശ്യമായ പ്രോത്സാഹനവും സഹായവും നൽകേ ണ്ടതാണ്. യാതൊരു സാഹചര്യത്തിലും ഇത്തരം പ്രവർത്തികളുടെ നിർവ്വഹണം അവർ ഏറ്റെടു ക്കുവാൻ പ ാടില്ല.

<u>തൊഴിലുറപ്പ് ഫണ്ട്</u>

തൊഴിലുറപ്പ് പദ്ധതിയിൽ റീചാർജ് ചെയ്യപ്പെടുന്ന കിണറുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ എസ്റ്റിമേറ്റിനനുസരിച്ച് തയ്യാറാക്കണം.

<u>തദ്ദേശ സ്വയംഭരണ സ്ഥാപന ഫണ്ട്</u>

ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഭാവിയിൽ ഉദ്ദേശിക്കുന്നതുമാണ് ഇവിടെ ചേർക്കേണ്ടത്.

<u>വരൾച്ച ദുരിതാശ്വാസം/മറ്റ് ഫണ്ടുകൾ</u>

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുൾപ്പെടെ വിവിധ ധനസഹായ പദ്ധതി കളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ടവരിൽ നിന്ന് സ്വീകരിച്ച് ധനസമാഹരണം ചേർക്കേ ണ്ടതാണ്.

<u>മോണിറ്ററിംഗ്</u>

ചുവടെപ്പറയുന്ന വിവിധ തലങ്ങളിൽ മോണിറ്ററിംഗ് സംഘടിപ്പിക്കുന്നതാണ്.

| തലം | ചുമതല |
|---|---|
| സംസ്ഥാനം | സംസ്ഥാനതല ടാസ്ക് ഫോഴ്സ് കോർ കമ്മിറ്റി/സമിതി |
| ജില്ല | ജില്ലാതല ടാസ്ക് ഫോഴ്സ് |
| ബ്ലോക്ക്പഞ്ചായത്ത് | ബ്ലോക്ക്പഞ്ചായത്ത്തല ടാസ്ക് ഫോഴ്സ് |
| ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത്തല ടാസ്ക് ഫോഴ്സ് |

എല്ലാ ദിവസവും തൊട്ടുതലേ ദിവസം വരെ നടന്ന കിണർ റീചാർജ് ഉൾപ്പെടെയുള്ള മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ബ്ലോക്ക്, ജില്ലാതല കോർഡിനേഷൻ സമിതിക്ക് ഇ-മെയിൽ/എസ്.എം.എസ്. എല്ലാ ദിവസവും ഉച്ചക്കുശേഷം ജില്ലാതല സമിതികൾ പുരോഗതി വിവരങ്ങൾ സംസ്ഥാനതല സമിതിക്ക് നൽകുന്നതാണ്.

കിലയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സെല്ലിലെ ഒരു ഉദ്യോഗസ്ഥന് മോണിറ്ററിംഗ് ചുമതല ഉണ്ടായിരിക്കും. അതാതു ദിവസത്തെ പ്രവർത്തന പുരോഗതി സംസ്ഥാന കോർ കമ്മിറ്റിയെ അറിയിക്കേണ്ടതാണ്. ഹരിത കേരളം മിഷന്റെ

ചെയർമാനായ മുഖ്യമന്ത്രിക്ക് നിശ്ചിത ഇടവേളകളിൽ പ്രവർത്തന പുരോഗതി റിപ്പോർട്ട് നൽകുന്നതാണ്.

വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കിണർ റീചാർജ് അടുത്ത വേനൽ കാലത്തിനു മുൻപ് പരമാവധി ലക്ഷ്യം നേടേണ്ട തിനാൽ വിവിധ തലത്തിൽ കൃത്യവും ശാസ്ത്രീയവുമായ മോണിറ്ററിംഗ് നടക്കുവാൻ നടപടികൾ ഉ ണ്ടാകേതാണ്.

<u>ഡോക്യുമെന്റേഷൻ</u>

വാർഡ്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ നടക്കുന്ന എല്ലാ പ്രവർത്തികളും ഡോക്യുമെന്റ് ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി ജില്ലാതല സമിതിക്ക് നൽകേണ്ടതാണ്. ജില്ലയിലെ പ്രവർത്തന പുരോഗതി, വിജയ മാതൃകകൾ, പ്രധാന പ്രശ്നങ്ങൾ എന്നിവ സംസ്ഥാന സമിതിക്ക് റിപ്പോർട്ടിലൂടെ നൽകേണ്ടതാണ്. നല്ല മാതൃകകൾ കൃത്യമായും ഡോക്യുമെന്റ് ചെയ്യണം.

<u>തുടർ പ്രവർത്തനങ്ങളും പരിപാലനവും</u>

ആവശ്യാധിഷ്ഠിത സമീപനത്തിലായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ട ത്. പദ്ധതികളിൽ സജ്ജമാക്കി കൈമാറുന്ന കിണർ റീചാർജ് സംവിധാനങ്ങൾ വീട്ടുടമയുടെ നേതൃത്വത്തിൽ തുടർ പരിപാലനം നടത്താമെന്ന സമ്മതം കൂടി ഉറപ്പാക്കണം. വളരെ കുറഞ്ഞ പരിപാലനം മാത്രം ആവശ്യമുള്ള കിണർ റീചാർജ് (പൈപ്പ് പൊട്ടൽ, ക്ലാമ്പ് ഇളകൽ തുടങ്ങിയവ) തീർച്ചയായും ജനങ്ങൾക്ക് പ രിപാലിക്കുവാൻ കഴിയുന്നതാണ്. ഈ ബോദ്ധ്യം നൽകത്തക്ക വിധത്തിലുള്ള ബോധവൽക്കരണവും പദ്ധതിയുടെ ഭാഗമായി നൽകേണ്ടതാണ്. ഏതെങ്കിലും സാങ്കേതിക സഹായം വീട്ടുകാർക്ക് ആവശ്യമുള്ള സാഹചര്യത്തിൽ ജലമിത്രങ്ങളുടെ സേവനവും നൽകേണ്ടതാണ്.

കിണർ റീചാർജിന്റെ ഭാഗമായി ഓരോ കിണറുകളിലും ജലസമൃദ്ധിയിലും ജലശുദ്ധിയിലും അനുഭവപ്പെടുന്ന മാറ്റം നിരീക്ഷിക്കുവാൻ ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ ക്ലബ്ബുകളുടെ സേവനം ഉറപ്പാക്കാവുന്നതാണ്. ഓരോ വീട്ടിലെയും വിദ്യാർത്ഥികൾക്കു തന്നെ വ്യത്യാസം മനസിലാക്കി രേഖപ്പെടുത്തുവാൻ കഴിയു ന്നതാണ്.

വാർഡ്, പഞ്ചായത്തുതലങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന പ്രചരണ, അവബോധ പരിപാടികളിൽ മുകളിൽ സൂചിപ്പിച്ച ഘടകങ്ങൾ കൂടി ഉൾപ്പെടുത്തണം.

സമഗ്രമായ ജലസുരക്ഷ പ്രവർത്തനങ്ങളുടെ മുന്നൊരുക്ക പരിപാടിയായി കിണർ റീചാർജ് പ്രവർത്തനങ്ങളെ മാറ്റി തീർക്കേണ്ട താണ്.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

ഈ മാർഗ്ഗരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും നിർവ്വഹണ ഘട്ടത്തിലെ പ്രായോഗിക പ്രശ്നങ്ങളും കർമ്മസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന ഇ-മെയിൽ വിലാസങ്ങളിലോ 'കില'യ്ക്കു കീഴിൽ രൂപീകരിച്ചിട്ടുള്ള മഴവെള്ള സംഭരണ-പരിശീലന – പ്രചരണ ഏകോപന സെല്ലിനോ അയച്ചുതരേണ്ടതാണ്.

ഇ-മെയിൽ mgnregakerala@gov.in, lsgdddepartment@gmail.com

# ജലസുരക്ഷ – റിപ്പോർട്ട്

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | കിണറുകൾ | | | | | | കുളങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ എണ്ണം | റീചാർജ് ആവശ്യമായവ | മുൻപ് റീചാർജ് ചെയ്തത് | തൻ ആഴ്ച റീചാർജ് ചെയ്തത് | ആകെ റീചാർജ് ചെയ്തത് (3+4) | നവീകരിച്ചവയുടെ എണ്ണം | ആകെ എണ്ണം | റീചാർജ് ആവശ്യമായവ | മുൻപ് റീചാർജ് ചെയ്തത് | തൻ ആഴ്ച റീചാർജ് ചെയ്തത് | ആകെ റീചാർജ് ചെയ്തത് (3+4) |
| | | 1 | 2 | 3 | 4 | 5 | 6 | 1 | 2 | 3 | 4 | 5 |
| | | | | | | | | | | | | |

**അനുബന്ധം- 1**

## സർവ്വേ ഫോറം 1

വാർഡിന്റെ പേരും നമ്പരും :

വീട്ടുനമ്പർ :

ഗൃഹനാഥൻ/നാഥയുടെ പേര് :

മേൽ വിലാസം
(ഫോൺ നമ്പർ ഉൾപ്പെടെ) :

ശരിയായവ (√) ചെയ്യുക

| | | |
|---|---|---|
| വിഭാഗം | | APL BPL |
| | | SC/ST/OTHERS (Specify) |
| വീട്ടുവളപ്പിൽ കിണർ/കുളം ഉണ്ടോ | | **ഉണ്ട് ഇല്ല** |
| ഉടമസ്ഥാവകാശം | | സ്വന്തം പൊതു വാടക |
| കിണറ്റിലെ/കുളത്തിലെ വെള്ളത്തിന്റെ ഉപയോഗം: | | കുടിവെള്ളം ഗാർഹികം<br>ജലസേചനം വ്യവസായം |

| | | |
|---|---|---|
| | | മറ്റുള്ളവ<br>(വ്യക്തമാക്കുക) |
| കിണറ്റിൽ/കുളത്തിൽ പമ്പിംഗ് ഉണ്ടോ | | ഉണ്ട് ഇല്ല |
| കിണറ്റിലെ/കുളത്തിലെ ജലലഭ്യത | | വറ്റുന്നവ വറ്റാത്തവ |
| വറ്റുന്നവയാണെങ്കിൽ കാലയളവ്: | | വേനൽക്കാലം<br><br>വർഷം മുഴുവനും |
| ആൾ മറകെട്ടിയിട്ടുണ്ടോ ? (കിണറിന് മാത്രം ബാധകം | | ഉണ്ട് ഇല്ല |
| പ്ലാറ്റ്ഫോം (കിണറിന് മാത്രം ബാധകം) | | ഉണ്ട് ഇല്ല |
| ജലമലിനീകരണം അനുഭവപ്പെടുന്നുണ്ടോ | | ഉണ്ട് ഇല്ല |
| അനുഭവപ്പെടുന്നുണ്ടെങ്കിൽ ജലത്തിലുണ്ടാകുന്ന വ്യത്യാസം | | നിറം രുചി ഗന്ധം |
| മലിനീകരണത്തിനുള്ള കാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | | ഉണ്ട് ഇല്ല |
| ജലഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ | | ഉണ്ട് ഇല്ല |
| ശ്രദ്ധയിൽപ്പെട്ടിട്ടുള്ള മലിനീകരണ ഘടകങ്ങൾ | | കോളിഫോം ബാക്ടീരിയ<br><br>ഓര്<br>ക്ലോറൈഡിന്റെ അളവ് കൂടുതൽ<br>ഫ്ളൂറൈഡിന്റെ അളവ് കൂടുതൽ<br>pH അളവിലെ വ്യത്യാസം<br><br>ഇരുമ്പിന്റെ അളവ് കൂടുതൽ മറ്റുള്ളവ<br>(വ്യക്തമാക്കുക) |
| റീചാർജ്ജിംഗ്/ഫിൽറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ താല്പര്യമുണ്ടോ | | ഉണ്ട് ഇല്ല |
| പുരയിടത്തിന്റെ സർവ്വേ നമ്പരും അളവും | | |
| വീടിന്റെ മേൽക്കൂരയുടെ തരം | | ഓല ഓട് ഷീറ്റ് കോൺക്രീറ്റ് |
| വീടിന്റെ മേൽക്കൂരയുടെ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | | |
| വീടും കിണറും തമ്മിലുള്ള ദൂരം (മീറ്ററിൽ) | | |

| | | |
|---|---|---|
| അക്ഷാംശം, രേഖാംശം | | |

**ഗൃഹനാഥന്റെ/നാഥയുടെ പേരും ഒപ്പും :**

**സർവ്വേ നടത്തിയ ആളുടെപേരും ഒപ്പും :**

**സർവ്വേ ചെയ്ത തീയതി:**